
സ്വാഗതം
ജി.വി.എച്ച്.എസ്.എസ്.
അത്തോളി


ഖദീജ ദിൽറൂപ
ക്ലാസ് ലൈബ്രേറിയൻ
എട്ട് . ബി

# ലൈബ്രറിപ്രവർത്തനങ്ങൾ

## ജി.വി.എച്ച്.എസ്.എസ്. അത്തോളി



## ഞങ്ങളുടെ ഒഴിവു സമയം

പുസ്തകങ്ങൾ, ആനുകാലികങ്ങൾ, പത്രങ്ങൾ,മാഗസിനുകൾ

എല്ലാം വായിക്കാം



ഒന്നു കണ്ടാലോ ?

# ഞങ്ങളുടെ ലൈബ്രറി



## പ്രത്യേകതകൾ

- മുപ്പതിനായിരത്തിലധികംപുസ്തകങ്ങൾ
- പുസ്തകം തിരഞ്ഞെടുക്കാൻ പാകത്തിൽ ഗ്ലാസ് ഷെൽഫുകൾ
- റഫറൻസ് ഗ്രന്ഥങ്ങൾ
- ഇംഗ്ലീഷ് , മലയാളം പത്രങ്ങളും ആനുകാലികങ്ങളും
- പ്രത്യേകപതിപ്പുകളും ക്ലാസ് പതിപ്പുകളും
- ക്ലാസ് ലൈബ്രറി നടത്തിപ്പ്
- ലൈബ്രറി കാർഡ് സംവിധാനം
- സ്ഥിരം ലൈബ്രേറിയൻ (ടീച്ചർ ലൈബ്രേറിയനു പുറമെ)
- സ്കൂൾ പ്രവർത്തന റിപ്പോർട്ടുകൾ
- പുസ്തകങ്ങൾ സ്കൂളിന് പുറത്തേക്കും
- ഗൃഹ ലൈബ്രറി പുരസ്കാരം
- സ്കൂളിനകത്തും പുറത്തും പ്രവർത്തനങ്ങൾ

# ചരിത്രം

- ഒരു സാധാരണ സ്കൂൾ ലൈബ്രറിയായിരുന്നു.
- കെ.ആർ. ഗിരിജ കുമാരി എന്ന ടീച്ചർ ലൈബ്രേറിയന്റെ പ്രവർത്തനം മൂലം ഉയിർത്തെഴുന്നേൽപ്പ്
- ജനകീയാസൂത്രണത്തിലുൾപ്പെടുത്തി ലൈബ്രറി നവീകരണം
- ജനകീയ പങ്കാളിത്തത്തിലൂടെ ഷെൽഫുകൾ, വായനമേശ,പുസ്തകങ്ങൾ
- കാർഡ് സമ്പ്രദായത്തിലൂടെ ബുക് സ്റ്റാളുകളിൽ നിന്ന് വർഷം തോറും പുസ്തകം സ്പോൺസർ ചെയ്ത നാട്ടുകാർ
- ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ വിവിധപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു
- നിരവധി പുരസ്കാരങ്ങൾ

# പുരസ്കാരങ്ങൾ

## കുഞ്ഞുണ്ണി മാസ്റ്റർ പുരസ്കാരം






## എം.എൻ. സത്യാർഥി പുരസ്കാരം



## പി.ആർ. നമ്പ്യാർ പുരസ്കാരം



## തെരുവത്ത് രാമൻ പുരസ്കാരം



## മാതൃഭൂമി നന്മ പുരസ്കാരം






മികച്ച പ്രവർത്തനത്തിന് പോയ വർഷങ്ങളിൽ സ്കൂൾ ലൈബ്രറി നേടിയ പുരസ്കാരങ്ങൾ തുടർന്നു പ്രവർത്തിക്കാനുള്ള കരുത്ത് നൽകുന്നു.


## ലൈബ്രറിയിലേക്കുള്ള പുസ്തകശേഖരണവും തെരഞ്ഞെടുപ്പും


വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ലഭിക്കുന്ന ഫണ്ടുകൾ ഉപയോഗിച്ച് പുസ്തകം വാങ്ങുന്നതിന് പുറമെ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, നാട്ടുകാർ, വിവിധ സ്ഥാപനങ്ങൾ, പൂർവവിദ്യാർത്ഥികൾ, പൂർവഅധ്യാപകർ എന്നിവരുടെ സഹകരണത്തോടെ ലൈബ്രറിയിലേക്ക് ആവശ്യമായ പുസ്കങ്ങൾ ശേഖരിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ ജന്മദിനത്തിൽ ലൈബ്രറിയിലേക്ക് ഒരു പുസ്തകം സമ്മാനമായി നൽകു എന്ന നിർദേശം കുട്ടികൾ ആവേശത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്.

ഓരോ വർഷവും ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങുന്നതിന് മുമ്പ് വിവിധ സബ്ജറ്റ് കൗൺസിൽ ചേരുകയും അവർ നൽകുന്ന നിർദേശങ്ങൾ കൂടി പരിഗണിച്ച് പുസ്തകങ്ങൾ വാങ്ങുകയും ചെയ്യുന്ന രീതിയാണുള്ളത്. ഇതുവഴി ഓരോ വിഷയത്തിനും ആവശ്യമുള്ള റഫറൻസ് പുസ്തകങ്ങളും അനുബന്ധ പുസ്തകങ്ങളും ഉറപ്പാക്കാൻ കഴിയുന്നുണ്ട്.

# ലൈബ്രറിക്ക കീഴിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ

- കാർഡടിസ്ഥാനത്തിലുള്ള പുസ്തക വിതരണം







# സ്ഥിരം ലൈബ്രേറിയന്റെ മുഴുവൻ സമയ സേവനം



പ്രത്യേക സ്റ്റോക്ക് രജിസ്റ്ററും ഇഷ്യൂ രജിസ്റ്ററും ഏർപ്പെടുത്തിക്കൊണ്ടുള്ള ക്ലാസ് ലൈബ്രറി സംവിധാനം




ഓരോ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രേറിയനുണ്ട്. ക്ലാസ് ലൈബ്രറിയുടെ ചുമതല ഏറ്റെടുത്ത് നടത്തുന്നു.



## ഗൃഹലൈബ്രറി പുരസ്കാരം

സ്കൂൾ ലൈബ്രറി നേതൃത്വത്തിൽ എല്ലാവർഷവും ഗൃഹലൈബ്രറി പുരസ്കാരം നൽകിവരുന്നുണ്ട്. നിശ്ചിത സമയത്ത് ലൈബ്രറിയിൽ നിന്ന് വിതരണം ചെയ്യുന്ന ഫോറം വഴിയാണ് ഇതിന് അപേക്ഷ നൽകേണ്ടത്. അപേക്ഷ ലഭിച്ച വിദ്യാർത്ഥികളുടെ വീടുകളിലെ ലൈബ്രറി സ്കൂളിലെ അധ്യാപക സംഘം സന്ദർശിക്കുകയും പുസ്തകങ്ങളുടെ എണ്ണം , അവയുടെ സജ്ജീകരണം എന്നിവ പരിശോധിച്ച് സമ്മാനർഹരെ കണ്ടെത്തുന്നു. സ്കൂളിൽ നടക്കുന്ന പൊതുചടങ്ങിൽ വെച്ചായിരിക്കും സമ്മാന വിതരണം നടത്തുക.

## ക്ലാസ് പത്രങ്ങൾ

ലൈബ്രറിക്ക് കീഴിൽ എല്ലാ മാസവും ക്ലാസ് പത്രങ്ങളുടെ നിർമാണവും മത്സരവും നടത്തിവരുന്നുണ്ട്. ഓരോ ക്ലാസിലെയും വിദ്യാർത്ഥികളുടെ എഡിറ്റോറിയൽ ബോർഡിനാണ് ഇതിൻെറ ചുമതല. ചാർട്ട് പേപ്പറിൽ സ്കൂൾ വാർത്തകൾ ഉൾപ്പെടുത്തികൊണ്ടുള്ള ക്ലാസ് പത്രങ്ങൾ നേരത്തെ അറിയിച്ചിട്ടുള്ള തീയതിക്കകം തയ്യാറാക്കി ലൈബ്രേറിയനെ ഏൽപ്പിക്കണം. ഈ പത്രങ്ങൾ ലൈബ്രറിക്ക് മുന്നിൽ പ്രദർശിപ്പിക്കും. അധ്യാപകരടങ്ങുന്ന ജഡ്ജിംഗ് കമ്മിറ്റി ഓരോ പത്രവും അതിൻെറ ലേഔട്ട്, വാർത്തകളുടെ ഉള്ളടക്കം എന്നിവ വിലയിരുത്തി യു. പി , ഹൈസ്കൂൾ വിഭാഗങ്ങളിലായി വേർതിരിച്ച് ആദ്യമൂന്ന് സ്ഥാനക്കാരെ കണ്ടെത്തുകയാണ് പതിവ്. വളരെ ആവേശത്തോടെയുള്ള ആരോഗ്യകരമായ മത്സരമാണ് ഈ വിഭാഗത്തിൽ നടക്കാറ്.

# മാസം തോറും
# ക്ലാസ് തല പത്രം



# വാർത്താവായന

ലൈബ്രറിയുടെ നേതൃത്വത്തിൽ എല്ലാദിവസവും വാർത്താപ്രക്ഷേപണം നടത്താറുണ്ട്. ക്ലാസ് അധ്യാപകരുടെ സഹകരണത്തോടെ വാർത്താവായനയിൽ താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി അഞ്ച് സംഘങ്ങളായി തിരിച്ച് ഓരോ സംഘത്തിനും ഓരോ ദിവസത്തെ ചുമതല നൽകുകയാണ് ചെയ്യാറ് . ഓരോ ദിവസവും അവതരണം നടത്തേണ്ട വിദ്യാർത്ഥികൾ രാവിലെ ക്ലാസ് തുടങ്ങുന്നതിന് മുമ്പായി ലൈബ്രറിയിലെത്തി വിവിധ പത്രങ്ങൾ വായിച്ച് പ്രധാന വാർത്തകൾ തയ്യാറാക്കി ഒപ്പം സ്കൂൾ വാർത്തകളും ചേർത്ത് ഉച്ചഭക്ഷണത്തിന് ശേഷം ഒന്നരമണിയോടെ സ്കൂൾ അനൗൺസ്മെന്റ് മൈക്കിലൂടെയാണ് വാർത്ത അവതരിപ്പിക്കുന്നത്. വാർത്ത അവതരിപ്പിക്കുന്നതിന് ചുമതലപ്പെട്ട അധ്യാപകർ വാർത്തകൾ പരിശോധിക്കും. ഉച്ചക്ക് ശേഷം ക്ലാസിൽ പിയർ ഗ്രൂപ്പ് പഠനത്തിനെത്തുന്ന കുട്ടികൾക്ക് ഈ വാർത്ത സൗകര്യപൂർവം ശ്രവിക്കാൻ സാധിക്കും.

## ലൈബ്രറി പതിപ്പുകൾ

മലയാള വേദി , വായനാസമിതി എന്നിവ ലൈബ്രറിക്ക് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഓരോ ക്ലാസിലെയും വായനയിലും സാഹിത്യത്തിലും താൽപര്യമുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയാണ് ഇത് രൂപീകരിക്കുന്നത്. ലൈബ്രറി നേതൃത്വത്തിൽ എല്ലാ അധ്യയനവർഷത്തിലും പുറത്തിറക്കുന്ന പ്രത്യേക പതിപ്പുകളുടെ പ്രവർത്തനത്തിൽ ഈ സമിതികൾക്ക് പങ്കാളിത്തമുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ പുറത്തിറക്കിയ വൈക്കം മുഹമ്മദ് ബഷീർ പതിപ്പ്, എ പി ജെ അബ്ദുൽകലാം പതിപ്പ് , പരിസ്ഥിതി പതിപ്പ് എന്നിവ ഏറെ ശ്രദ്ധേയമായരുന്നു. യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിൽ ഓരോ ക്ലാസിൽ നിന്നും ഒന്നോ രണ്ടോ ചാർട്ടുകളിൽ കുട്ടികൾതന്നെ തയ്യാറാക്കുന്ന പേജുകൾ ഒന്നിച്ച് ബൈൻറ് ചെയ്താണ് പതിപ്പ് നിർമാണം നടത്തുന്നത്. ഏറ്റവും മികച്ച പേജ് തയ്യാറാക്കുന്ന ക്ലാസുകൾക്ക് ലൈബ്രറിയുടെ വക സമ്മാനവും നൽകാറുണ്ട്. ഓരോ ക്ലാസിലെയും പതിപ്പ് നിർമാണത്തിൻെറ ചുമതല അതാത് ക്ലാസിൽ നേരത്തെ രൂപീകരിച്ചിട്ടുള്ള ഏഴംഗ എഡിറ്റോറിയൽ ബോർഡിനായിരിക്കും. ഇതിന് പുറമെ പഠനപ്രവർത്തനത്തിൻെറ ഭാഗമായി ഓരോ ക്ലാസിലെ കുട്ടികളും നിർമിക്കുന്ന സെമിനാർ പേപ്പറുകൾ, ആൽബങ്ങൾ എന്നിവയും ബൈൻറ് ചെയ്ത് ലൈബ്രറിയിൽ റഫറൻസ് വിഭാഗത്തിൽ ഉൾപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.







# അക്ഷരപ്പൂക്കൾ

## കുട്ടികളുടെ സൃഷ്ടികൾ പ്രസിദ്ധപ്പെടുത്തുന്നു.



# അയൽപക്കത്തേക്കൊരു പുസ്തകം

## പുസ്തകം അയൽപക്ക വീടുകളിൽ ആവശ്യക്കാർക്കെത്തിക്കുന്നു







പുസ്തകത്തിനായി
അമ്മമാർ സ്കൂൾ ലൈബ്രറിയിൽ

## അവധിക്കാല വായനക്കുറിപ്പ്

അവധിക്കാലത്ത് വായിക്കാനുള്ള പുസ്തകങ്ങൾ നൽകുന്നു

അടുത്ത അധ്യയന വർഷം വായനക്കുറിപ്പ് ശേഖരിക്കുന്നു

വായനാദിനത്തിൽ സമ്മാനങ്ങൾ നല്കുന്നു

## കലോത്സവ തർജ്ജനി

കലോത്സവ ദിനങ്ങളിൽ പ്രത്യേക വാർത്താപതിപ്പുകളും ആൽബങ്ങളും തയ്യാറാക്കുന്നു.







പതിപ്പ് പ്രകാശനം




വാർത്ത വായന

## ദിനാചരണങ്ങളിൽ





ബഷീർപുസ്തക പ്രദർശനം

വായനാദിനം



ശിശു ദിനപ്പതിപ്പ്

# കേരളപ്പിറവി ദിനം






അറുപത്തിമൂന്നാംജന്മദിനത്തിൽ 63

കേരളപ്പിറവി ദിന ചാർട്ടുകൾ

കേരളീയ കലകൾ പരിചയപ്പെടുത്തുന്നു.



മലയാളിക്ക് മലയാളത്തിൽ ഒരു കൈയ്യൊപ്പ്



# വർഷം തോറും പുസ്തക മേളകൾ







സ്കൂളിന് സംഭാവന



## ഡി.ഇ.ഒ. സാർ ലൈബ്രറി സന്ദർശിക്കുന്നു



ഇനിയും മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകുന്നു

# ലൈബ്രറി നവീകരണം 2018-19

## സമ്പൂർണ ക്ലാസ് ലൈബ്രറി പ്രഖ്യാപനം

**സമ്പൂർണ്ണ ക്ലാസ് ലൈബ്രറി പ്രഖ്യാപനം**

വടകര വിദ്യാഭ്യാസ ജില്ലയിലെ സമ്പൂർണ്ണ ക്ലാസ് ലൈബ്രറി പ്രഖ്യാപന നിർദേശം ഏറെ ആവേശത്തോടെയാണ് അത്തോളി ഗവ. ഹയർ സെക്കൻററി സ്കൂൾ ഏറ്റെടുത്തത്. ഏതാണ്ട് പത്തുണ്ട് വർഷം മുമ്പ് തന്നെ ക്ലാസ് ലൈബ്രറി എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കിയ സ്കൂളാണ് ഞങ്ങളുടെ സ്കൂൾ. അത്തോളി സ്കൂളിലെ ലൈബ്രറി പ്രസ്ഥാനത്തിന് അടിത്തറപാകിയ ഗിരിജകുമാരി ടീച്ചറുടെ ദീർഘവീക്ഷണമായിരുന്നു ഇതിന് പിന്നിൽ. പരിമിതമായ സൗകര്യങ്ങൾ ഉപയോഗിച്ച് കുറ്റമറ്റ രീതിയിൽ യു.പി, ഹൈസ്കൂൾ വിഭാഗത്തിൽ ക്ലാസ് ലൈബ്രറി നടപ്പാക്കാൻ ടീച്ചർക്ക് കഴിഞ്ഞു. എന്നാൽ കാലക്രമത്തിൽ ഇതിന് സ്വാഭാവികമായ മുരടിപ്പ് നേരിട്ടു. എന്നാൽ വടകര ഡി ഇ ഒ . സാറിൻെറ നിർദേശം വന്നതോടെ ക്ലാസ് ലൈബ്രറി ദീർഘകാല പ്രവർത്തനത്തിന് അനുയോജ്യമായ രീതിയിൽ ഒരുക്കുക എന്നത് സ്കൂൾ ഒരു വെല്ലുവിളിയായി ഏറ്റെടുത്തു.

കോഴിക്കോട് ജില്ലാപഞ്ചായത്ത്, അത്തോളി ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ , പൊതു പ്രവർത്തകർ, പൂർവഅധ്യാപകർ, പൂർവ വിദ്യാർത്ഥികൾ , അധ്യാപകർ, പൊതുസ്ഥാപനങ്ങൾ, രക്ഷിതാക്കൾ, നാട്ടുകാർ എന്നിങ്ങനെ സമൂഹത്തിൻെറ നാനാതുറകളിലുള്ളവരെ വിളിച്ച് ചേർത്ത് സ്കൂൾ പി ടി എ നേതൃത്വത്തിൽ സ്വാഗതസംഘം രൂപീകരിക്കുകയും വിവിധ സബ്കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടത്തുകയുമാണ് ചെയ്തത്. സമ്പൂർണ ക്ലാസ് ലൈബ്രറി പ്രഖ്യാപനം നാടറിയുന്ന ഒരു സാംസ്കാരിക പരിപാടിയായി നടത്തണമെന്ന നിർദ്ദേശമാണ് സ്വാഗത സംഘയോഗത്തിൽ ഉയർന്നത്. ഇതിൻെറ ഭാഗമായി സ്കൂൾ സമയം കഴിഞ്ഞ് നാളുകൾക്ക് ശേഷം മൂന്ന് ദിവസങ്ങളിലായി ക്ലാസ് ലൈബ്രറി പ്രഖ്യാപനം നടത്താൻ പദ്ധതി തയ്യാറാക്കി. ഓരോ ക്ലാസിലും ഇതിനായി പി ടി എ യോഗം ചേർന്ന് ക്ലാസ് ലൈബ്രറി കമ്മിറ്റികൾ രൂപീകരിച്ചു. ഭൂരിഭാഗം ക്ലാസുകളിലും ക്ലാസ് ലൈബ്രറിക്കാവശ്യമായ സൗകര്യങ്ങളും പുസ്തകങ്ങളും ഒരുക്കിത്തരാൻ സാമ്പത്തിക സഹകരണം വാഗ്ദാനം ചെയ്ത് രക്ഷിതാക്കൾ ഒപ്പം നിന്നു. കൂടെ നാടൊന്നാകെ കൂട്ടുചേർന്നതോടെ സ്കൂളിലെ 44 ക്ലാസുകളിലേക്കും ലൈബ്രറി ഷെൽഫെന്ന സ്വപ്നം യാഥാർത്ഥ്യത്തിലേക്ക് എത്തി. ഇതിലേക്ക് പുസ്തകങ്ങൾ ശേഖരിക്കുന്നതിൻെറ ഭാഗമായി സ്വാഗതസംഘം കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ മികച്ച പ്രസാധകരുടെ പുസ്തകമേള മൂന്ന് ദിവസങ്ങളിലായി നടത്തി. സാംസ്കാരിക സായാഹ്നത്തിൻെറ ഭാഗമായി കവിയരങ്ങ്, കളരിപ്പയറ്റ്, കവിതദൃശ്യാവിഷ്കാരം, സ്കൂൾ മ്യൂസിക് ടാലൻറ് ലാബ് വിദ്യാർത്ഥികളുടെ സംഗീത പരിപാടി എന്നിവയും സംഘടിപ്പിച്ചു. സമാപനദിനം പ്രൗഢമായ ചടങ്ങിൽ ജില്ലാപഞ്ചായത്ത് പ്രസിഡൻറ് , അത്തോളി ഗ്രാമപഞ്ചായത്ത് പ്രസിഡൻ്റ് ശ്രീ ചിറ്റൂർ രവീന്ദ്രൻ തുടങ്ങിയവരുടെ സാന്നിധ്യത്തിൽ മലയാളത്തിൻെറ പ്രിയസാഹിത്യകാരൻ ശ്രീ കെ പി രാമനുണ്ണി തിങ്ങിനിറഞ്ഞ സദസ്സിനെ സാക്ഷി നിർത്തി അത്തോളി ഗവ. ഹയർസെക്കൻററി സ്കൂളിലെ സമ്പൂർണ്ണ ക്ലാസ് ലൈബ്രറി പ്രഖ്യാപനം നടത്തി.

അക്ഷരങ്ങൾ അഗ്നിശലഭങ്ങളാണെന്നും അവ എഴുതിവീഴുന്നത് സത്യത്തെയാണെന്നും ഭാവിതലമുറയ്ക്ക് കൈമാറേണ്ട നന്മയുടെ വെളിച്ചം അണയില്ലെന്നുള്ള നേരടയാളമായാണ് നാട് ആ പ്രഖ്യാപനത്തെ നെഞ്ചേറ്റിയത്.

# സ്വാഗത സംഘം ഉദ്ഘാടനം








എക്സിക്യൂട്ടീവ് കമ്മറ്റി യോഗം



പി.ടി.എ. യോഗം

വീഡിയോ

എല്ലാ ക്ലാസ്സിലും പുതിയ ഷെൽഫുകൾ, പുസ്തകങ്ങൾ

ഇതിനായി

അധ്യാപകരോടൊപ്പം രക്ഷിതാക്കളും നാട്ടുകാരും രംഗത്ത്

- പണപ്പിരിവ്
- സ്പോൺസറിംഗിലൂടെ ഷെൽഫുകൾ, പുസ്തകങ്ങൾ
- പുസ്തകോത്സവം

പുസ്തകോത്സവ വീഡിയോ

## പുസ്തകോത്സവത്തിലേക്ക് കൂടുതൽ ആളുകളെ എത്തിക്കാൻ വിവിധ പരിപാടികൾ

### കാവ്യസന്ധ്യ - ഉദ്ഘാടനം രാഘവൻ അത്തോളി



## ചിത്രക്കൂട്ടായമയും ചിത്ര പ്രദർശനവും - പ്രസിദ്ധ ചിത്രകാരന്മാരും വിദ്യാർഥികളും








ഉദ്ഘാടനം - ശ്രീ. അഭിലാഷ് തിരുവോത്ത്

## കളരിപ്പയറ്റ് അവതരണവും ഡമോൺസ്ട്രേഷനും

## മ്യൂസിക് റിയാലിറ്റി ഷോ- സ്കൂൾ ടാലന്റ് ലാബിന്റെ ഭാഗമായി നടന്ന സംഗീത മത്സരത്തിലെ ഫൈനൽ റൗണ്ട്കാർ






മൊഴിയാട്ടം- കുറത്തി എന്ന
കവിതയെ ആസ്പദമാക്കി



# സമ്പൂർണ ക്ലാസ്സ് ലൈബ്രറി പ്രഖ്യാപനം




**പ്രഖ്യാപനം നടത്തുന്നത് പ്രസിദ്ധ സാഹിത്യകാരൻ ശ്രീ. കെ.പി. രാമനുണ്ണി**

# ചടങ്ങിൽ സ്പോൺസറിംഗ്- കൂട്ടായ്മകളും വ്യക്തികളും

















## അത്തോളി ജങ്ഷൻ കൂട്ടായ്മ പുസ്തകങ്ങളും ഷെൽഫും സ്പോൺസർ ചെയ്യുന്ന ചടങ്ങ് - 16-01-2019



ക്ലാസ് ലൈബ്രറികളുള്ള ഷെൽഫ് വിതരണം ബഹു.പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ചിറ്റൂർ രവീന്ദ്രൻ നിർവഹിക്കുന്നു



44ക്ലാസ് മുറികളിലേക്ക് 44 ഷെൽഫുകൾ

## ഓരോ ക്ലാസ്സിലും ഉദ്ഘാടനം





**ഞങ്ങളുടെ പുസ്തകപ്പുര എന്ന പേര് നൽകിയാണ് ഷെൽഫുകൾ ഉദ്ഘാടനം ചെയ്തത്**

***ലൈബ്രറി സമിതി - ക്ലാസ് ലൈബ്രേറിയൻ,വിദ്യാബ്യാസ മന്ത്രി, ക്ലാസ് ലീഡർ, അഞ്ച് മെമ്പർമാർ***

## പ്രവർത്തനങ്ങളുടെ വീഡിയോ കാണാൻ  ഇവിടെ ക്ലിക്ക് ചെയ്യാം



## ഒരു ന്യൂസ് കാണാം -ക്ലിക്ക് ചെയ്യൂ

# ഭാവി പരിപാടി

## പുസ്തകങ്ങൾ ഇനിയും

- പിറന്നാളിനൊരു പുസ്തകം
- പുതുവർഷസുഹൃത്തിനൊരു പുസ്തകം
- സ്പോൺസർമാരെ കാണാം
- പുസ്തക വണ്ടി - പ്രദേശങ്ങൾ കേന്ദ്രീകരിച്ച്

## വായന ഉറപ്പാക്കണം

- വായനക്കുറിപ്പ്
- പുസ്തക ചർച്ച
- സെമിനാർ
- ക്വിസ്സ്
- പതിപ്പുകൾ
- ചാർട്ടുകൾ
- ആൽബങ്ങൾ

- ലൈബ്രറി ഡിജിറ്റലൈസേഷൻ
- ഇ വായന

നവസാങ്കേതിക വിദ്യയുടെ മുന്നേറ്റത്തിനനുസരിച്ച് വിദ്യാഭ്യാസത്തിന്റെ രീതി മാറിക്കൊണ്ടിരിക്കെ ഡിജിറ്റൽലൈബ്രറി സംവിധാനം ഏർപ്പെടുത്താനുള്ള പദ്ധതികളാണ് ഞങ്ങൾക്ക് മുന്നിലുള്ളത്. ക്ലാസ് മുറികൾ ഹൈടെക് ആയിമാറിയിരിക്കെ അധ്യാപകർക്കാവശ്യമായ റിസോഴ്സുകൾ ഡിജിറ്റൽ ലൈബ്രറിയിൽ സൂക്ഷിക്കാനും കൈമാറാനും ഇതുവഴി സാധിക്കും.

വൈകാതെ വടകര വിദ്യാഭ്യാസജില്ലയിലെ ആദ്യത്തെ ഡിജിറ്റൽ സ്കൂൾ ലൈബ്രറി പ്രഖ്യാപനം അത്തോളി ഗവ.വൊക്കേഷണൽ സ്കൂളിന്റേതായിരിക്കുമെന്ന ശുഭപ്രതീക്ഷയോടെ നിർത്തുന്നു. നന്ദി.

# നന്ദി